₹ 5

PRICE ₹ 5

# Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

## Treat the Cause, Not the Symptoms.......

The Cabinet Committee on Economic Affairs (CCEA) has announced the financial restructuring policy for the State distribution companies (Discoms). Under this scheme, 50 percent of the short-term outstanding liabilities would be taken over by the State governments and balance 50 percent loans would be restructured by providing moratorium on principle and best possible terms for repayments. According to ICRA report, the overall book losses of the Discoms up to March 31, 2011 was estimated at Rs 1.90 lakh crore, of which 70% of the losses were estimated to be contributed by the Discoms of six States -Rajasthan, Tamil Nadu, Uttar Pradesh, Haryana, Punjab and Madhya Pradesh. It is a welcome step as the government aims to improve the financial health of the distribution utilities, but the mandatory conditions linked with it may not bring the desired results.

A decade ago, based on the recommendations of Ahluwalia committee report, a similar financial package was introduced by which outstanding dues of about Rs 43000 crore of SEBs were securitized by State governments through the issue of bonds. But as the average cost of supply exceeded the average tariff, the Discoms of the country again went into red. The Shunglu committee report estimated that Discoms' net loss after subsidies as on 31st March 2010 stood at Rs 27,000 crore. This analysis was based on Discoms in 15 States, which make up for 91 per cent of total power consumption in the country. The report highlighted that regular and timely review and determination of retail tariffs is crucial to proper revenue realisation and in turn financial health of distribution utilities.

contd.to page 3

**Er.E.Mohammed Shereef, President of the Association releasing the Power Scene of Malappuram Unit ,in the Governing Body meeting held at Tirur on 22.9.2012**

A view of members participated in the Governing Body meeting of the association conducted at Tirur on 22.9.2012'.

**KSEB Engineers Association**
**Office Bearers - 2012 - 13**

**ASSOCIATION**

**President**
Er. E. Mohammed Shereef

**Vice-President** (South)
Er. P. Murali

**Vice-President** (North)
Er. George V. James

**General Secretary**
Er. V. Ranjit Kumar

**Treasurer**
Er. K. Mukesh Kumar

**Organising Secretaries**
Er. Viji Prabhakaran (S)
Er. M.Radhakrishnan Nair (N)

**Secretaries**
Er. G. Shaj Kumar (HQ)
Er. Sheela M. Daniel (S)
Er. K. Santhosh (N)

**BENEVOLENT FUND**

**Chairman**
Er. K. Radhakrishna Kumar

**Vice Chairman**
Er. P. Jayakrishnan

**Secretary**
Er. A. Anz

**Treasurer**
Er. E. Santhosh

**Joint Secretaries**
Er. B. Rajendran
Er. K.M. Biju Mohan

**EDITORIAL BOARD**

**Chief Editor**
Er. Murali P.

**Associate Editor**
Er. G. Syam Kumar

**Ex. Officio Members**
Er. V. Ranjit Kumar
Er. G. Shaj Kumar

The approved bailout scheme is formulated based on the report of an expert committee headed by Sri. B K Chaturvedi, Member (Energy) Planning Commission. The committee has come up with various suggestions and some of them would be mandatory in nature. The aim is to make Discoms to take steps for improving their financial health. The poor health of Discoms, due to lower tariff regime and high distribution losses, has also raised concerns of possible loan defaults in the banking system.

Two expert groups set up by the Planning Commission to suggest ways to reduce losses of power utilities have come up with contradictory recommendations, reflecting the dilemma faced by the authorities in introducing power reforms. The high level panel on financial position of distribution utilities, chaired by Sri. V. K Shunglu, former CAG , has recommended the franchise model for public entities involving private companies in power distribution. This runs contrary to the views of a BK Chaturvedi committee, which favours the Public Private Partnership (PPP) mode over the franchise model.

To subscribe the bailout scheme, the State governments have to convert all their loans to equity. All outstanding energy bills of the State departments as on 31st March 2012 have to be paid by 30th November 2012. The States will have to pass the State Electricity Distribution Responsibility Bill in their respective States. The real bail out will come only

⇨

after 5 years of consistent performance by Discoms when the centre will pay 25 percent of restructured debt. The financial restructuring package for the SEBs has to be supported by timely tariff revisions, adequate financial support by the State governments and better regulatory process to yield results. The most dangerous condition is that involvement of private sector in State distribution sector through franchisee arrangements or any other mode of private participation is to be prepared within a year by the Discoms.

The debt restructuring plan is based on Shunglu Committee report. The Shunglu committee had come to the conclusion that distribution franchise was the panacea to the ills of power sector. Further the sweeping conclusion is that AT & C losses cannot be reduced so long as the distribution companies are under State control and it can be achieved only under private sector for which input based distribution franchise must be introduced throughout the country. Shunglu Committee ignored the fact that the distribution companies working in State sector in Andhra Pardesh , Tamil Nadu, Punjab and Karnataka, the AT&C losses had been reduced significantly in the range of 15 percent. The AT&C losses can be better controlled and reduced within the framework of public sector functioning with a professionally qualified and technically oriented management.

The move to privatize creamy profit earning urban areas, in the name of bailout package, through urban distribution franchisee has to be opposed. If the whole exercise is with an idea to promote privatization, it will further worsen the financial health of Discoms. The tragedy of the power sector in various States is its heavy dependence on power purchase to tide over the power crisis year after year and is not concentrating on adding generation capacity in state sector. The bailout package is not sufficient to deal with the country's long-term energy problems, other than improving the financial leverage of the debt ridden SEB's. Since the financial fundamentals of KSEB are sound because of its low debt component, it is doubtful whether KSEB can claim any financial benefit from this financial restructuring programme.

❋

## Welcome



KSEB Engineers' Association whole heartedly welcomes the appointment of an Engineer as Full time Chairman (Special Officer, Managing Committee) and we assure our support for the betterment of the power sector, which presently is at crossroads.

**Letter to Chairman**

KSEBEA/Letters/2012-13 24-09-2012

To

The Chairman,
K.S.E.Board.

Sir,

Sub: Paralysis of the distribution sector- urgent intervention –request

Ref : Our representation dated 19-07-2012

Kindly recall the discussions we had with your good self while submitting the representation referred above regarding the present functioning of the Board and the improvements needed in key functional areas. Unfortunately it is seen that the situation is worsening day by day throughout the State and much hurdles are being faced by the field staff even in timely effecting new service connections due to non availability of essential materials like weather proof wire, three phase and single phase energy meters etc. It is worthwhile to point out that earlier weather proof service connections were being effected within 24 hours of registration. The non availability of quality meters to replace the faulty meters is eating into the revenue of the Board and needs to be addressed urgently. Apart from the above, the break down maintenance activities in distribution sector are reported to be severely handicapped due to non availability of vehicles in many sections consequent to the restriction imposed in the kilometre ceiling for vehicles operating in the electrical section offices.

As we had pointed out earlier, the distribution wing is the mirror of KSEB which is instrumental in disseminating the services directly to the public. Hence, we request that urgent intervention in the matter may be made so as to ensure availability of essential materials for distribution works. We also request that the reason for undue delay in effecting purchase of these materials may be enquired into and suitable remedial actions be undertaken to avoid such issues to recur.

Yours faithfully,

Sd/-
GENERAL SECRETARY

# പ്രതീക്ഷാനിർഭരം

**2012** ആഗസ്റ്റ് മാസത്തിലെ കെ.എസ്.ഇ.ബോർഡിലെ ഇലക്ട്രിക്കൽ എഞ്ചിനീയിറിംഗ് ബിരുദധാരികളായ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പ്രമോഷൻ പ്രതീക്ഷകൾക്ക് ചിറകു മുളയ്ക്കുവാൻ ഉതകുന്ന സംഭവങ്ങൾ ഉണ്ടായി. പല കോണുകളിൽ നിന്നുള്ള സമ്മർദ്ദങ്ങളും തടസ്സവാദങ്ങളും അതിജീവിച്ച് ഏതാണ്ട് 90 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രമോഷൻ ലഭിച്ചു. വൈകിയെങ്കിലും ബോർഡ് മാനേജ്മെന്റ് ശരിയായ ദിശയിൽ തീരുമാനമെടുക്കാൻ പ്രകടിപ്പിച്ച ഇച്ഛാശക്തി അഭിനന്ദനീയമാണ്.

ഏതു പദ്ധതിയായാലും ഭരണനിർവ്വഹണ കാര്യങ്ങളായാലും ആദ്യ ചുവട് വയ്ക്കുന്നതുവരെ നിരുത്സാഹപ്പെടുത്താൻ പല ഘടകങ്ങളുണ്ടാകും. എന്നാൽ ഈ ഘടകങ്ങളെ മറി കടന്നാൽ പിന്നീട് ലക്ഷ്യത്തിലെത്താൻ പ്രയാസമുണ്ടാവില്ല. ഒരു ദശകത്തിലേറെയായി ഒരേ സ്ഥാനത്ത് തളച്ചിടപ്പെട്ട് മനംമടുപ്പ് അനുഭവിച്ചു കൊണ്ടിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ കുറച്ചു പേർക്കെങ്കിലും സ്ഥാനക്കയറ്റം കിട്ടി എന്നത് ആശ്വാസകരമാണ്. നിലവിൽ ഒഴിഞ്ഞു കിടന്നിരുന്ന AEE(E) തസ്തികകളെല്ലാം പൂർണ്ണമായി നികത്തപ്പെട്ടു എന്നാണറിയാൻ കഴിയുന്നത്. അപ്പോൾ ബാക്കിയുള്ള അർഹരായ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് പ്രമോഷൻ നൽകാൻ ചില അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഉയർത്തപ്പെടുകയും ഭരണകാര്യനിർവ്വഹണം സുഗമമാക്കാൻ പുതിയ AEE(E) തസ്തികകൾ സൃഷ്ടിക്കപ്പെടുകയും വേണം.

AE തസ്തികകൾ AEE സ്ഥാനങ്ങളായി മാറ്റാൻ 167 എണ്ണം വിവിധ ഓഫീസുകളിലായി കണ്ടെത്തി കേരള ഗവൺമെന്റിന്റെ അനുമതിക്കായി കെ.എസ്.ഇ. ബോർഡ് BO (FM) No. 623/2011/CE (HRM) GENL/2/AE-AEE(E) 2011 Dated TVPM 26.02.2011 എന്ന കത്ത് വഴി സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ വൈദ്യുതി സുരക്ഷാ-പരിശീലന (Safety and Taining) ഓഫീസർ തസ്തിക ഓരോ ഇലക്ട്രിക്കൽ സർക്കിളിലും സൃഷ്ടിച്ച് 23 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിക്കാനും മേൽ ഉത്തരവിൽ ബോർഡ് മാനേജ്മെന്റ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഈ ഉത്തരവു പരിഗണിക്കാനോ എന്തെങ്കിലും നടപടിയെടുക്കാനോ അന്ന് ഭരണത്തിലിരുന്ന ഗവൺമെന്റ് തയ്യാറായില്ല. രാഷ്ട്രീയ മുന്നണിയോട് അനുഭാവം പുലർത്തിയിരുന്ന ട്രേഡ് യൂണിയൻ സംഘടനയും ഓഫീസർ സംഘടനയും തീരുമാനമെടുക്കുന്നതു സ്തംഭിപ്പിച്ചു. നിയമസഭാ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കെ അണികളുടെ വിരോധം നേടാതിരിക്കാനും ശ്രദ്ധിക്കണമല്ലോ! ഇല്ലാത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് പ്രചരിപ്പിച്ച് തസ്തിക സൃഷ്ടിക്കുന്നത് മരവിപ്പിച്ചു.

അതേ സമയം ട്രേഡ് യൂണിയനുകളെ പ്രീണിപ്പിക്കുന്നതിനായി ഒരു പടികൂടി കടന്ന് ഓവർസിയർ തസ്തിക സൃഷ്ടിക്കലും ലൈൻമാൻമാർക്ക് പ്രമോഷൻ കൊടുക്കലും സീനിയർ അസിസ്റ്റന്റ് - സീനിയർ സൂപ്രണ്ട് പ്രമോഷനും ധൃതി പിടിച്ച് നടത്തി. ഈ പ്രക്രിയയിൽ എത്ര സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട് എന്ന കണക്കറിയാൻ പിന്നീട് ഭരണത്തിൽ വന്ന ഗവൺമെന്റിനും താല്പര്യമില്ല. AEE(E) തസ്തിക സൃഷ്ടിക്ക് പ്രശ്നം സാമ്പത്തികമല്ല എന്നു മനസ്സിലാക്കാം.

⇨

# ആവി പറക്കുന്ന ആനപ്പിണ്ടം

*എൻ.റ്റി. ജോബ്*

**ഷോ**ളയാറിൽ നിന്നുമുള്ള ലൈനിന് ഒരു ഏനക്കേട്, സന്ധ്യകഴിഞ്ഞാൽ ഇടയ്ക്കൊന്നു ട്രിപ്പാകും. ഷോളയാറിലാണെങ്കിൽ വെള്ളം ഏറെയുള്ള സമയം. മെഷിനെല്ലാം ഓഫ് ചെയ്ത് വീണ്ടും ചാർജ് ചെയ്താൽ ഞാനൊന്നുമറിഞ്ഞില്ലേ രാമ നാരായണ എന്ന രീതിയിൽ ഒരു കുഴപ്പവുമില്ലാതെ നിന്നു കളയും. ഒരു മണിക്കൂറോളം അങ്ങിനെയൊരു നില്പാണ്, അതു കഴിഞ്ഞാൽ ഭാവം മാറും, വീണ്ടും ലൈനങ്ങു ട്രിപ്പു ചെയ്യും. വിളിച്ചറിയിച്ച് ഓടിയെത്തി ലൈനെല്ലാം നോക്കാൻ തുടങ്ങി. അന്ന് ലൈൻ ടെസ്റ്റ് ചെയ്യാനായി പോർട്ടബിൾ ആയുള്ള കിറ്റ് വാങ്ങിയിരുന്നു. അതുവെച്ച് ഷോളയാറെത്തി ലൈനിൽ കണക്ട് ചെയ്ത് പരിശോധന തുടങ്ങി റിപ്പോർട്ട് എടുത്തപ്പോൾ കുഴപ്പങ്ങളൊന്നുമില്ല. ലൈൻ ചാർജ് ചെയ്തു നിന്നു. രണ്ടു ലൈനുള്ളതിൽ ഒന്ന് കുഴപ്പമില്ലാതെ നില്ക്കുന്നതുകൊണ്ട് ടെൻഷന് അല്പം കുറവുണ്ടായിരുന്നു. ഒരു മണിക്കൂർകൂടി നോക്കി തിരിച്ചു പോവാമെന്ന് വിചാരിച്ച് അവിടെ നിന്നു. അപ്പോഴേക്കും സമയം രാത്രി പത്തു മണിയായിരുന്നു, നേരത്തെ ഒരു മണിക്കൂർ കഴിഞ്ഞപ്പോഴാണ് ലൈൻ ഓഫായിരുന്നതെങ്കിൽ ഞങ്ങളുടെ സാന്നിധ്യം ഇഷ്ടപ്പെട്ടതുകൊണ്ടായിരിക്കാം അരമണിക്കൂർ കഴിഞ്ഞില്ല, അപ്പോഴേക്കും ലൈൻ ഓഫായി. വിവരമറിഞ്ഞ് വിളികളുടെ നിലവാരങ്ങൾ ഉയർന്നു തുടങ്ങി. ചീഫ് എൻജിനീയർ നിലവാരത്തിലേയ്ക്കുയർന്നു. ലൈൻ പെട്രോൾ ചെയ്ത് ഫോൾട്ട് വേഗം തീർക്കണമെന്ന് തിട്ടൂരം പുറപ്പെടുവിക്കുവാൻ ആളേറെയുണ്ടായിരുന്നു. ഷോളയാറിൽ

⇨

പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷത്തിലേറെ ആകുന്നു. ഇതിനിടയിൽ രണ്ട് ഉപതിരഞ്ഞെടുപ്പുകളുണ്ടായി. ഏതെങ്കിലും വിഭാഗങ്ങളുടെ സങ്കടം പരിഹരിച്ചതുകൊണ്ട് തിരഞ്ഞെടുപ്പിൽ കോട്ടം സംഭവിക്കരുതല്ലോ! അതുകൊണ്ട് ഈ ഗവൺമെന്റ് ഇലക്ഷൻ ഫലം വരെ തീരുമാനം എടുക്കാതെ കഴിച്ചുകൂട്ടി. അംഗബലം കുറവുള്ള വിഭാഗക്കാരുടെ (ഇലക്ട്രിക്കൽ ഡിഗ്രിക്കാർ) ന്യായമായ ആവശ്യം അംഗീകരിച്ച് അംഗബലം കൂടുതലുള്ള (ട്രേഡ് യൂണിയൻ ബാന്ധവമുള്ളവർ) വരുടെ എതിർപ്പ് നേടേണ്ടായെന്ന തത്വത്തിലധിഷ്ഠിതമായാണ് ഇപ്പോഴത്തെ ഗവൺമെന്റിന്റെ രാഷ്ട്രീയ കൂട്ടായ്മയും മുന്നോട്ടു നീങ്ങിയത്.

സെക്ഷൻ : സബ്ബ് ഡിവിഷൻ എന്ന അനുപാതം ഭരണം സുഗമമായി നടക്കുന്നതിന് 3:1 അല്ലെങ്കിൽ 4:1 ആയിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഒരു വിധ സമാനതകൾ കൺസ്യൂമർ എണ്ണത്തിലോ അധികാര ഭൂപരിധിയിലോ ഭൂപ്രകൃതിയിലോ പരിഗണിക്കാതെ എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളും 'മോഡൽ' എന്ന ഓമനപ്പേരിലാണ് ഇപ്പോഴും തുടരുന്നത്. അധികാര ഭൂപരിധിയെങ്കിലും ഏതാണ്ട് തുല്യമാക്കുന്നതിനും ഭരണം സുഗമമാക്കുന്നതിനും സമാനമായ കാര്യക്ഷമത പൊതുജനങ്ങൾക്ക് നൽകുന്നതിനും വലിയ സെക്ഷനുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ രൂപീകരിക്കേണ്ടതാണ്. മൂന്ന് അല്ലെങ്കിൽ പരമാവധി നാല് സെക്ഷന് ഒരു സബ്ബ് ഡിവിഷൻ രൂപീകരിക്കണം.

ട്രാൻസ്മിഷൻ രംഗത്തും സെക്ഷൻ സബ്ബ് ഡിവിഷൻ ആനുപാതം 3:1 അല്ലെങ്കിൽ 4:1 എന്നാക്കി ജോലി ഭാരത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കേണ്ടതാണ്.

KSEB EA, Thrissur

നിന്നും ലൈൻ പോകുന്നത് ഒന്നാതരം കാടിനുള്ളിലൂടെയായിരുന്നതുകൊണ്ട് പടോളിംഗ് എളുപ്പമല്ല എന്നെല്ലാവർക്കും അറിയാമായിരുന്നു, എങ്കിലും സമ്മർദ്ദങ്ങളേറെയായിരുന്നു. ലൈൻ ചാർജ് ചെയ്താലല്ലേ ട്രിപ്പ് ആവുകയുള്ളൂ അത്കൊണ്ട് വേഗം ലൈനിൽ പെർമിറ്റെടുത്തു. വാഹനമെത്തുന്ന സ്ഥലങ്ങളിൽക്കൂടെ നടന്ന് പറ്റുന്നത്ര നോക്കി. രാത്രി ഒരു മണിവരെ തുടർന്നു. പക്ഷെ രക്ഷയൊന്നും ഉണ്ടായില്ല. നേരം വെളുത്ത് വീണ്ടും ആരംഭിക്കാമെന്ന രീതിയിൽ തല്ക്കാലം നിർത്തി വെച്ചു.

അടുത്ത ദിവസം പുലർച്ചെതന്നെ ഇറങ്ങി പുറപ്പെട്ടു. നേരം പരെ പരെ വെളുക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ലൈനിലേക്കിറങ്ങിയതും കണ്ടത് കാട്ടുപോത്തിനെയായിരുന്നു. നമ്മളേക്കാൾ സ്നേഹം അവർക്കുള്ളതുകൊണ്ട് അത് എങ്ങോട്ടോ പോയി. കാടിനുള്ളിലൂടെ കുറെ ദൂരം ലൈനിനടിയിലുടെ നടന്ന് പരിശോധനകൾ നടത്തിയെങ്കിലും ഒന്നും കാണാൻ കഴിഞ്ഞില്ല. ആകെയുള്ള സമാധാനം ഫോണിന് റേഞ്ചില്ലാത്തതുകൊണ്ട് റിങ്ങ് ടോണടിച്ചില്ല. പത്തു മണിയോടെ റോഡിലേയ്ക്കെത്തി. അവിടെ ഞങ്ങളെ കാത്ത് ഉയർന്ന ആൾക്കാരെല്ലാം എത്തിയിരുന്നു. സാധാരണ നാട്ടിലുളള ലൈനിലെല്ലാം വള്ളികളും ടച്ചിംഗും വളരെയേറെയുള്ളപ്പോൾ കാടിനുള്ളിലൂടെയുള്ള ലൈനിൽ ഒരു മരം പോലും മുട്ടിനില്ക്കുന്നതു കാണാത്തത് ഞങ്ങളെ നിരാശരാക്കി. ലൈൻ ഓഫാവുന്നതിനുള്ള കാരണം എന്തായിരിക്കുമെന്ന ചോദ്യം ഞങ്ങളെ കുഴക്കി. അവസാനം, സ്ഥലത്തെത്തിയിരുന്ന ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം കട്ട്പോയിന്റിലെ ജമ്പർ കണക്ഷൻ അഴിച്ച് ലൈൻ ചാർജ് ചെയ്തു നോക്കാമെന്ന് തീരുമാനമായി. ഷോളയാറിൽ നിന്നും ചാലക്കുടിയിൽ നിന്നും ലൈൻ ചാർജ് ചെയ്തു നോക്കാം, ഏതു ഭാഗത്താണ് ഫോൾട്ട് എന്നറിയാമല്ലോ? ആ രീതിയിൽ നോക്കി. ഏകദേശം ലൈനിന്റെ പകുതി ദൂരം വരുന്നിടത്തുള്ള ജമ്പർകണക്ഷൻ അഴിച്ച് രണ്ടു ഭാഗത്തു നിന്നും ലൈൻ ചാർജ് ചെയ്തു. ചാലക്കുടി ഭാഗത്തു നിന്നും ലൈൻ കുഴപ്പം കാണിച്ചില്ല. ഷോളയാറിൽ നിന്നും പഴയ ചരിത്രം ആവർത്തിച്ചു. ഇതൊക്കെ കഴിഞ്ഞപ്പോഴേക്കും സമയം ഉച്ച കഴിഞ്ഞിരുന്നു. ഷോളയാർ ഭാഗത്തുനിന്നും വീണ്ടും ലൈൻ നോക്കാനായി പുറപ്പെട്ടു. നോ രക്ഷ, കുറെ ദൂരം നോക്കിയിട്ടും ഒന്നും കണ്ടില്ല. പക്ഷെ വേറെ പലതും കാണാൻ പറ്റി. മാനിനെയും കുറുക്കനെയും മുയലിനെയുമൊക്കെ കാണാൻ പറ്റി. ഈ കാടുകളിലെല്ലാം വന്യ ജീവികളുണ്ടെന്ന് കണ്ടപ്പോൾ സന്തോഷം തോന്നി. വിനോദയാത്രയ്ക്ക് വന്നതാണെന്ന് വിചാരിച്ചാൽ മതിയെന്ന്, ടീമിലുള്ളവരോടു പറഞ്ഞു. മൃഗങ്ങളെ കാണാൻ ഓരോ സ്ഥലത്തു പോയി കാണാതെ വരുന്നതിലും ഭേദമല്ലെ ഇങ്ങനെ കാണാൻ ചാൻസു കിട്ടുന്നത്.പക്ഷെ ഇങ്ങിനെയൊക്കെയാണെങ്കിലും നടന്നുനടന്നു വയ്യാതെയായിരുന്നു. നേരം ഇരുട്ടിയപ്പോൾ നിരീക്ഷണം നിർത്തി അടുത്ത ദിവസം നോക്കാമെന്ന് തീരുമാനിച്ച് പിരിഞ്ഞു.

അടുത്ത ദിവസം വീണ്ടും നിരീക്ഷണ നടത്തം ആരംഭിച്ചു. എന്തൊക്കെയാണെങ്കിലും നാട്ടിൽ കുറെയേറെ പാമ്പുകളെ കണ്ടുമുട്ടാറുണ്ടെങ്കിലും കാടിനുള്ളിൽ ഒരു പാമ്പുപോലും ഞങ്ങളുടെ കൺമുന്നിൽ വന്നുപെട്ടില്ല. വന്നാൽ പാമ്പാണോ പെടുന്നത് ഞങ്ങളാണോ പെടുന്നത് എന്നത് കണ്ടറിയേണ്ട കാര്യമാണെങ്കിലും കുറെ ദൂരം കാട്ടിനുള്ളിലൂടെ നടന്നപ്പോൾ ഒരു കുരങ്ങൻ വഴിയിൽ വന്നു നിന്നു. പതുക്കെ കൈകൊണ്ട് ശബ്ദം ഉണ്ടാക്കി ഓടിക്കാൻ ശ്രമിച്ചെങ്കിലും അതുപോയില്ല. പകരം അത് എന്തോ ശബ്ദം ഉണ്ടാക്കിയപ്പോൾ കുറച്ചു കുരങ്ങൻമാർകൂടി ഓടി എത്തി. ലൈൻ നോക്കാൻ പോയവരെ കുരങ്ങന്മാർ ആക്രമിച്ചു എന്ന വാർത്ത വരാനുള്ള സാധ്യത എല്ലാം കൊണ്ടും ഉണ്ടായിരുന്നു. കൂട്ടത്തിലുള്ള ഒരുത്തൻ കയ്യിലുണ്ടായിരുന്ന ഒരു നേന്ത്രപ്പഴമെടുത്ത്

⇨

കുറച്ചു ദൂരെയ്ക്കായി എറിഞ്ഞു. ഞങ്ങളുടെ ഭാഗ്യം, കുരങ്ങന്മാർ എല്ലാംകൂടി അങ്ങോട്ട് ഓടി. ഞങ്ങളുടെ പ്രയാണം തുടർന്നു. കാടിനുള്ളിലൂടെയുള്ള നടത്തമായിരുന്നതു കൊണ്ട് അമ്പലങ്ങളും പള്ളികളുമൊന്നും കണ്ടില്ല, ഉണ്ടെങ്കിൽ വിളക്കു തെളിയിക്കു കയൊ മെഴുകുതിരി കത്തിക്കുകയോ ചെയ്യാമായിരുന്നു.

കുറെ ദൂരം നടന്നപ്പോൾ ഈറ്റകൾ നിറഞ്ഞ ഭാഗമായിരുന്നു. മനസിലൊരാ ഗ്രഹമുണ്ടായിരുന്നു ഈ ഈറ്റയിലൊന്ന് ലൈനിൽ മുട്ടിയതായി കാണണമെന്ന്, പക്ഷെ ഒന്നും കണ്ടില്ല. ഈറ്റകൾക്കിടയിലൂടെ നടന്നപ്പോൾ ചില ഭാഗത്ത് ഈറ്റയൊക്കെ ചവിട്ടി മെതിച്ച അടയാളങ്ങൾ കാണാ മായിരുന്നു. കൂട്ടത്തിലുള്ള ഒരുവന്റെ കമന്റ് ഉടൻ വന്നു. 'സാറെ സൂക്ഷിച്ചോ അതേ മറ്റവൻ ഉണ്ടാവാൻ സാധ്യതയുണ്ട്. സൂക്ഷിച്ചോ.' അറിയാതെ ചോദിച്ചു വേറെയാരുമല്ല സാറെ ആനയുണ്ടാവാൻ സാധ്യതയുണ്ട്. ഈറ്റകൾ ആനകളുടെ വീക്ക്നെസ്സാണ്. കേട്ടപ്പോൾ രസം തോന്നിയെങ്കിലും ഉള്ളിൽ കുറേശെ ഭയം തോന്നി തുടങ്ങി. ഇതുവരെ വന്യമൃഗ ങ്ങളെക്കുറിച്ച് പേടി തോന്നി തുടങ്ങിയി രുന്നില്ല. ജോലി ചെയ്യാതിരിക്കുവാൻ പറ്റില്ല ല്ലൊ, വെച്ച കാൽ മുന്നോട്ടു തന്നെ. കുറച്ചു നേരം കഴിഞ്ഞപ്പോൾ ഒരാൾ വിളിച്ചു പറഞ്ഞു, 'സാറെ കാര്യം പിശകാ, ദേ നോക്യേ.' എല്ലാവരുംകൂടി അങ്ങോട്ടു നോക്കി., ആർക്കും ഒന്നും തോന്നിയില്ല. അപ്പോൾ അവൻതന്നെ വീണ്ടും വിളിച്ചു പറഞ്ഞു, 'ആനപ്പിണ്ടം കണ്ടോ?, അപ്പോഴാണ് എല്ലാവരും ആനപ്പിണ്ടം ശ്രദ്ധിച്ചത്. കൂട്ടത്തിൽ അവന്റെ അടുത്ത കമന്റും വന്നു, പിണ്ടം ഫ്രഷാ, നോക്യേ ആവി പറക്കണത്.' എല്ലാവരുടെയും കാൽ ഒരടി പിന്നോട്ട് അറിയാതെ വെച്ചു പോയി. എല്ലാവരും നോക്കി നിന്നു പോയി, ഒന്നല്ല ഒന്നിലേറെയു ണ്ടായിരുന്നു. പക്ഷെ മുന്നോട്ടു പോകാതിരിക്കാനാവില്ലല്ലോ. 'നമുക്ക് മുന്നോട്ടു പോകാം ആന ആനയുടെ വഴിക്കു പോയിട്ടുണ്ടാവും, ഇല്ലെങ്കിൽ എന്തെങ്കിലും ശബ്ദങ്ങൾ കേൾക്കു മായിരുന്നു.' എന്തായാലും മുന്നോട്ടു നീങ്ങി. ഒരാൾ വിളിച്ചു പറഞ്ഞു,'ദേ ഒരു മരം ലൈനിലേക്ക് വീണു കിടക്കുന്നു'. കുറച്ചു ദൂരെയായതുകൊണ്ട് കൃത്യമായി കണ്ടില്ല. എല്ലാവരുടെ ഉള്ളിലും ചെറിയൊരു സന്തോഷം, ലൈനിൽ കിടക്കുകയാണെങ്കിൽ രക്ഷപെട്ടു. അത് വെട്ടി മാറ്റിയാൽ പ്രശ്നം തീരുമല്ലോ. മരത്തിന്റെ അടുത്തേക്ക് മാർച്ചു ചെയ്തു. നടത്തത്തിന് വേഗത കുറച്ചു കൂടിയിട്ടുണ്ടായിരുന്നു. മരത്തിന്റെ അടു ത്തേക്ക് എത്താറായപ്പോൾ പിന്നിൽ നിന്നും കൂടെയുണ്ടായിരുന്ന ഒരുത്തൻ കൈപിടിച്ചു, 'സാറെ നോക്യേ എന്ന് ഉച്ചത്തിലുള്ള പറച്ചിലും'. കിടക്കുന്നു ഒരാന. ഞങ്ങൾക്ക് പിൻ തിരിഞ്ഞാണ് കിടപ്പ്. ഈ കിടപ്പു കണ്ടതും ഞങ്ങൾ സ്റ്റണ്ടായിപ്പോയി. പെട്ടെന്ന് ഒരു ചിന്ത മനസിലൂടെ പാഞ്ഞു പോയി. ആനയ്ക്ക് ഷോക്കടിച്ചിട്ടുണ്ടെങ്കിൽ ഫസ്റ്റ് എയിഡ് എങ്ങനെ കൊടുക്കും? ആനയ്ക്കു ഞങ്ങളെ പരിചയം ഉള്ളതുകൊണ്ടാണോയെന്നറിയില്ല ഞങ്ങളെല്ലാവരും പല ദിക്കിലേക്കു ഓടി മറഞ്ഞിരുന്നെങ്കിലും അത്, അതിന്റെ വഴിക്കു പോയി. എല്ലാവരുടെയും ഉള്ളിലൊരു ആശ്വാസം നിഴലിച്ചു.

എല്ലാവരും തന്നെ പേടിച്ചു പോയിരുന്നു. ഒരു ദീർഘനിശ്വാസമിട്ട് മനസാന്നിധ്യം തിരിച്ചു പിടിച്ചു. വേഗം ലൈനിലേക്ക് വീണു കിടന്നിരുന്ന മരത്തിന്റെ അടുത്തേക്ക് നീങ്ങി. ആ കാഴ്ച ഞങ്ങളെയൊക്കെ നിരാശരാക്കി. മരം ചെരിഞ്ഞ് കിടന്നിരുന്നത് വേറൊരു മരത്തിലേക്കാണ്, ലൈനിലേക്ക് എത്തിയിട്ടി ല്ലെന്നു മാത്രമല്ല ലൈനിൽ മുട്ടി കത്തിയ തിന്റെ അടയാളങ്ങളൊന്നും ഇല്ലതാനും.

ഇനി രക്ഷയില്ല, സഹിക്കാവുന്നതിന്റെ പരമാവധിയിൽ എല്ലാവരും എത്തിക്കഴിഞ്ഞു. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. തനി ഇലക്ട്രിസിറ്റിക്കാരന്റെ സ്വഭാവമെടുത്തു, പല ഭാഗത്തായി ആൾക്കാരെ നിർത്തി ലൈൻ ചാർജ് ചെയ്ത് കാത്തു നിൽക്കാം,

⇨

എന്തെങ്കിലും ശബ്ദമുണ്ടാവുകയാണെങ്കിൽ നോക്കാം. ആ പദ്ധതി നടപ്പിലാക്കി ടീമിലുള്ള വരെ പ്രത്യേകം ഓരാ സ്ഥലങ്ങളിലായി നിർത്തി. എന്തുകണ്ടാലും ഞെട്ടരുതെന്നും ലൈനിൽ സപ്ലൈ ഉണ്ടാവുമെന്നും ആരും ലൈനിൽ കയറാൻ ശ്രമിക്കരുതെന്നും എല്ലാവരോടും പറഞ്ഞു.

എല്ലാപേരും അറ്റൻഷനിലായപ്പോൾ ലൈൻ ചാർജ് ചെയ്യിച്ചു. ഒന്നും സംഭവിച്ചില്ല, ലൈൻ നിന്നു. കുറെയേറെനേരം കഴിഞ്ഞപ്പോൾ ലൈൻ വീണ്ടും ഓഫായി. മനസിലൊരു ശാന്തി വന്നു. എന്തായാലും ഇത്തവണ എലി കുടുങ്ങിയതുതന്നെ തീർച്ച. വേഗം ഓരോ സ്ഥലത്തു നിറുത്തിയിരുന്നവരെ അന്വേഷിച്ചിറങ്ങി, ഓരോരുത്തരെയായി വാഹനത്തിൽ കയറ്റി. അവസാനത്തെ ആളുടെ അടുത്തെത്തിയപ്പോൾ ആളുടെ മുഖത്തൊരു പുഞ്ചിരി തളം കെട്ടിനിന്നിരുന്നു. ആ ചിരി കണ്ടപ്പോൾ ഞങ്ങൾക്കു സമാധാനമായി. പുള്ളിയ്ക്ക് എന്തോ തടഞ്ഞിട്ടുണ്ട്. ആളു പറഞ്ഞു, 'ദാ കാണുന്ന ടവറിൽ നിന്നാണ് ഒരു പൊട്ടലിന്റെ ശബ്ദം ഉണ്ടായത്'. സൂക്ഷിച്ചു നോക്കിയപ്പോൾ കാര്യം പിടികിട്ടി. ഒരു ഡിസ്കിൽ ആർക്ക് ഉണ്ടായിട്ടുണ്ട്. വേഗം ഓടി റോഡിൽ കിടന്ന വാഹനത്തിൽ കയറി അടുത്ത് ഫോൺ ചെയ്യാവുന്ന സ്ഥലത്തെത്തി ഫോൺ ചെയ്ത് പെർമിറ്റെടുത്ത് വേഗം ഡിസ്ക്ക് മാറ്റി ലൈൻ ചാർജ് ചെയ്തു. ഇതിനെല്ലാം സമയം കുറച്ചെടുത്തുവെങ്കിലും ലൈൻ ചാർജ് ചെയ്തപ്പോൾ കുഴപ്പമൊന്നും ഉണ്ടാകരുതെയെന്ന് എല്ലാവരും പ്രാർത്ഥിച്ചു. ഡിസ്ക്ക് മാറിയതു കൊണ്ടാണോ പ്രാർത്ഥന കൊണ്ടാണോയെന്നറിയില്ല പിന്നീട് കുഴപ്പമൊന്നുമുണ്ടാക്കിയില്ല. പല സ്ഥലങ്ങളിലായുണ്ടായിരുന്ന ഉന്നത ഉദ്യോഗസ്ഥരെല്ലാം മടങ്ങി, ഞങ്ങളും മടങ്ങി. മൂന്നാം പക്കം ഞങ്ങളും ഫ്രീ ആയി.

പ്രത്യേകം ശ്രദ്ധിക്കുക:-ഇതൊരു സംഭവമേ അല്ല, ഇതിലും വലുത് എന്തൊക്കെ കാണാനിരിക്കുന്നു.

✵

# ഒറ്റയാൻ

കെ .പി. ഗോപാലകൃഷ്ണൻ
റിട്ടയേർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

ഒറ്റയാനായിപ്പിറന്നു ഞാ,നമ്മയ്ക്ക്
മറ്റില്ല മക്കൾ ഞാനേകൻ മാത്രം.
ഒറ്റയാനായി വളർന്നു ഞാൻ നാട്ടിലും
ഉറ്റ സുഹൃത്തുക്കളൊരുമില്ല.

ഒറ്റയാനായിട്ടിരുന്നെന്റെ സ്കൂളിലും
ഒറ്റയ്ക്കൊരു കോണിൽ ശാന്തനായി
ഒന്നാമനായി പടിയിറങ്ങുമ്പൊഴും
'നന്നായ് വരും, നിനക്കാശംസകൾ
ഒന്നാമനാകണം കോളേജിലെത്തിയാൽ

ചൊന്നതെൻ ശ്രേഷ്ഠ ഗുരുഭൂതരും
ഒന്നാമനായി ജയിച്ചു ഞാൻ മുന്നേറി
പിന്നെയെൻ തട്ടകം രാഷ്ട്രീയവേദിയായ്

കാലം കഴിഞ്ഞു ഞാൻ രാഷ്ട്രീയവേദിയിൽ
ഒറ്റയാനായി ജ്വലിച്ചു നില്ക്കേ
കാലുവാരൽക്കല, കാലുമാറ്റം കല
ലേശം പയറ്റാതെ മാറിനില്ക്കെ
മറ്റുള്ളോരൊക്കെയും സ്വാർത്ഥ ലാഭത്തിനായ്
തെറ്റുകൾ, തെറ്റുകളാവർത്തിക്കെ
ഒട്ടും ഭയക്കാതെ പാർട്ടി തൻതെറ്റുകൾ
നട്ടെല്ലുയർത്തി ഞാൻ ചോദ്യം ചെയ്കെ
ഒറ്റയാനായി ഞാൻ പാർട്ടിയിലേവരും
ഒറ്റക്കെട്ടായി, വിമതനായ്ത്തീർക്കവേ
ഒട്ടും പതറിയില്ലാദർശമൊക്കെയും
വിറ്റു കാശാക്കാൻ ശ്രമിച്ചില്ലൊരിക്കലും

കാലചക്രം തിരിഞ്ഞിന്നു ഞാൻ വൃദ്ധനായ്
പേരക്കിടാങ്ങളോടൊപ്പം സുഖിക്കവേ
ഓർമ്മിക്കുവാനൊട്ടു മിഷ്ടപ്പെടാത്തെത്ര
കാര്യങ്ങൾ രാഷ്ട്രീയവേദിയിൽ കാൺമു ഞാൻ
ഒറ്റയാനാക്കിയെൻ പാർട്ടിയിൽ നിന്നെന്നെ
കെട്ടു കെട്ടിക്കുവാൻ മുന്നിൽ നിരന്നവർ
ശക്തരായ്, ഏണിപ്പടികൾ ചവുട്ടിയി-
ട്ടുത്തുംഗ ശൃംഗത്തിലെത്തിയോരേവരും
കെട്ടിപ്പടുത്തൊരാസാമ്രാജ്യമൊക്കെയും
നഷ്ടപ്പെടുത്തി, ഇരുമ്പറയ്ക്കുള്ളിലെ
കൂട്ടിലിന്നൊറ്റയാന്മാരായ്ക്കഴിയിന്നു!
കാലചക്രത്തിൻ വികൃത രൂപങ്ങളായ്.

ഒറ്റയ്ക്കിരുന്നു ഞാനോർക്കുമ്പോഴൊക്കെയും
'കഷ്ട' മെന്നല്ലാതെയെന്തു ചിന്തിക്കുവാൻ?!

✵

# ഇമേർജിംഗ് കേരള

Er. വി.രാജൻ
റിട്ടയേർഡ് ഡെപ്യൂട്ടി ചീഫ് എൻജിനീയർ

നമ്മുടെ എല്ലാ ഗവൺമെന്റുകളും ഒരു ചടങ്ങെന്ന രീതിയിൽ ഭരണസമയത്ത് ഒരു ബിസിനസ് മീറ്റ് നടത്തും. അതുപോലൊന്ന് ഈ ഗവൺമെന്റ് കഴിഞ്ഞ ദിവസങ്ങളിൽ നടത്തി, അതാണ് ഇമേർജിംഗ് കേരള. അത് ഇമേർജിംഗ് കേരളയെന്നതിനെക്കാളും സാധാരണപോലെ ഇമേർജിംഗ് കോൺട്രവേഴ്സിയായാണ് അവസാനിച്ചത്.പ്രതിപക്ഷം അവസാനനിമിഷം ചടങ്ങുമായി സഹകരിച്ചില്ല; ഭൂമി കച്ചവടത്തിനുള്ള ഒരു മറ മാത്രമാണിതെന്നാണ് അവരുടെ അഭിപ്രായം. സംസ്ഥാനത്തിന്റെ കണ്ണായ ഭൂമിയെക്കെ ഭൂമാഫിയക്ക് പതിച്ചു കൊടുക്കാനുള്ള ഒരു സൂത്രമാണ് ഗവൺമെന്റ് കാണിക്കുന്നതെന്നാണ് പ്രതിപക്ഷത്തിന്റെ സംശയം, വിശേഷിച്ചും ചെറുപാർട്ടികൾക്കാണ് സങ്കടം കൂടുതൽ.

വ്യവസായമൊ മറ്റ് ബിസിനസുകളൊ തുടങ്ങാൻ ഭൂമി, ഊർജ്ജം, വെള്ളം എന്നീ മൂന്ന് അടിസ്ഥാനഘടകങ്ങൾ ഒഴിച്ചുകൂടാൻ സാധിക്കാത്തതാണ്, അതെല്ലാപേർക്കും അറിവുള്ളതുമാണ്. ഇതൊന്നും ആവശ്യത്തിന് നല്കാൻ സാധിക്കില്ലായെങ്കിൽ ഇങ്ങനെയുള്ള നിക്ഷേപസംഗമം കൊണ്ട് ഒരു പ്രയോജനവും ഉണ്ടാകില്ല. സംഗമമെന്നൊക്കെ പറഞ്ഞ് നാടിന്റെ കുറെ കാശു മുടിക്കുന്നതിൽ കാര്യമില്ലല്ലോ.

ഇവിടെ ഇപ്പോൾ ഭൂമിയാണ് വലിയ തർക്കവിഷയമായിരിക്കുന്നത്. വെറുതെ വർഷങ്ങളായിട്ട് തരിശ് കിടക്കുന്ന സ്ഥലമാണെങ്കിലും ഏതെങ്കിലും വ്യവസായിക ആവശ്യത്തിന് നല്കാൻ സർക്കാരുകൾ തീരുമാനിച്ചാൽ ഉടനെ ഒരുവിഭാഗം കണ്ണായ ഭൂമിയുടെ വില്പനയെന്നു പറഞ്ഞുള്ള സ്ഥിരം പല്ലവി പാടിതുടങ്ങും. ഉടനെ അതിൽ ചാനലുകൾ ഒപ്പാരിടാൻ തുടങ്ങും, അതോടെ ഇരുട്ട വെളുക്കെ ചർച്ച ആകും. പൊതുവെ ആളില്ലാ പാർട്ടിയിലെ നേതാക്കന്മാർക്കാണ് കൂടുതൽ ആവേശം. (അവർക്ക് പ്രത്യേകിച്ചൊന്നും നഷ്ടപ്പെടാനില്ല; അതുകൊണ്ട് എന്തും പറയാം. ഇപ്പോഴത്തെ കൂടംകുളം പ്രശ്നത്തിലും ഈ പാർട്ടികൾക്ക് ഉപരിപ്ലവമായ തീരുമാനങ്ങളാണ് ഉള്ളത്. അനുയായികളുള്ള പാർട്ടികൾക്ക് വിവേകത്തോടെയല്ലേ പ്രതികരിക്കാൻ സാധിക്കൂ). പിന്നെ കുറെ സന്നദ്ധ സംഘടനകൾ പരിഷത്തിന്റെ നേതൃത്വത്തിൽ വേറിട്ടൊരു (ജനപക്ഷ) വികസന അജൻഡായും കൊണ്ട് പ്രത്യക്ഷപ്പെടും.അവസാനം ഗവൺമെന്റ് പദ്ധതിയും വേറിട്ടതും എല്ലാം ജനം മറക്കും. ഇതാണ് നാം സ്ഥിരമായി കാണുന്നത്. അടുത്ത ഗവൺമെന്റ് ഈ പദ്ധതികളെ വേറൊരു രൂപത്തിൽ കൊണ്ടുവരുമ്പോൾ അന്നത്തെ പ്രതിപക്ഷം (ഇന്നത്തെ ഭരണപക്ഷം) എതിർക്കും. അപ്പോഴും നേരത്തെ പറഞ്ഞ പോലെ സാമൂഹിക സംഘടനകൾ വേറിട്ട ജനപക്ഷവും കൊണ്ട് വീണ്ടും വരും. ഇതൊരു തുടർക്കഥ.

കൃഷിയെ നമ്മൾ പ്രോത്സാഹിപ്പിച്ചു പ്രോത്സാഹിപ്പിച്ച് അതേതാണ്ട് അന്യം നില്ക്കാറായി. അപ്പോഴും കുറെ ബുജികൾ കണ്ണായ സ്ഥലം കണ്ണായ സ്ഥലമെന്ന് ജപിച്ചു കൊണ്ടിരിക്കും. അതിനിടക്കാണ് ആസൂത്രണ കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ കേരളം ഇവിടുത്തെ വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർക്കായി തൊഴിലവസരങ്ങൾ ഉണ്ടാക്കാനായി ഈ തരിശായി കിടക്കുന്ന ഭൂമിയിൽ നിന്നും കുറെ ഭാഗം പ്രയോജന പ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടത്. കാക്കക്കൂട്ടിൽ കല്ലെറിഞ്ഞതു പോലെ ബഹളവും തുടങ്ങി. ആളില്ലാ പാർട്ടി നേതാക്കന്മാരെല്ലാം സടകുടഞ്ഞെഴുനേറ്റ് ചർച്ചയോടു ചർച്ചയായി; നെൽകൃഷി കേരളത്തിന്റെ വികാരമാണ്, പൈതൃകമാണ്, പരിസ്ഥിതിയാണ് അങ്ങനെ പോയി ചർച്ചകൾ.

⇨

ഇത് തന്നെയാണ് ഏതാണ്ട് മുപ്പതു വർഷമായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. അതെ സമയം കൃഷി വർഷംതോറും ക്രമമായി കുറഞ്ഞു കൊണ്ടും ഇരിക്കുന്നു. ചാനലിൽ കാണിക്കുന്ന ആവേശമൊന്നും നമുക്കുള്ള പറമ്പിൽ/വയലിൽ ഇറങ്ങി പണിയാൻ നമ്മുടെ ആരോഗ്യബോധം അനുവദിക്കുന്നില്ല; കൃഷിപ്പണിയിൽ ഏർപ്പെട്ടാൽ എലിപനി, പന്നിപനി, മറ്റ് പകർച്ചവ്യാധികളൊക്കെ വരുമെന്നും ഇവർ തന്നെയാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

വനഭൂമിയിലും പാട്ടക്കരാറുകളിലും മുഴുകി സംസ്ഥാനം നില്ക്കുമ്പോഴാണ് ഈ നിക്ഷേപ സംഗമവും നടന്നത്. രണ്ടിലും ഭൂമിയാണ് പ്രധാന വിഷയം. അതുകൊണ്ടു തന്നെ ചാനലുകൾക്ക് നേതാക്കന്മാരെ കിട്ടാനും പ്രയാസമായിരുന്നു; നിലയ വിദ്വാന്മാരും വഴിയെ പോയ വിദ്വാന്മാരും വിദഗ്ധ അഭിപ്രായങ്ങൾ തട്ടി വിടുന്നുണ്ടായിരുന്നു.

കൃഷിയിൽ ഇപ്പോഴും ഉറച്ചു നിൽക്കുന്ന കർഷകന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആരുമില്ല, അധിക പ്രശ്നങ്ങളും രാഷ്ട്രീയ പാർട്ടികളുടെ സംഭാവനയാണ്. അതുകൊണ്ടു തന്നെ അതിനുള്ള പരിഹാരം അവരുടെ കൈയിലില്ല. ആവശ്യത്തിന് കർഷക തൊഴിലാളികളില്ല, ഉള്ളവരുടെ കൂലി വളരെ കൂടുതലാണ് (500-600രൂപ), ഉല്പാദനക്കുറവ്, ഉല്പന്നത്തിന് വിലയും കുറവ്, അങ്ങനെ പല പ്രശ്നങ്ങളാണ് കർഷകർ അനുഭവിക്കുന്നത്. നെല്ലിന്റെ കാര്യത്തിലാണെങ്കിൽ കൊയ്യാൻ ആളില്ല (യന്ത്രം വേണോ, ആളുവേണോ യെന്ന് നമുക്കിപ്പോഴും തീർച്ചയില്ല), നെല്ല് സമയത്ത് സംഭരിക്കാൻ ആളില്ല, ഏജൻസികൾ എടുത്താൽ തന്നെ വില ലഭിക്കാനുള്ള കാലതാമസം അങ്ങനെ പലതും. ഇതൊന്നും ശ്രദ്ധിക്കാതെ നേതാക്കന്മാർ ചർച്ചയോട് ചർച്ചയാണ്.

വ്യവസായമെന്നും ഭൂമിയെന്നും കേട്ടാലുടനെ കയം കണ്ട കാളയെപോലെ ബഹളമുണ്ടാക്കാതെ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതകൾ മനസിലാക്കി പ്രതികരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. കായികമായ ഒരു അദ്ധ്വാനത്തിനും നമ്മുടെ വിദ്യാഭ്യാസമുള്ള പുതുതലമുറ തയ്യാറല്ല (സാക്ഷരതയുടെ എഴുതാപുറങ്ങൾ നമ്മൾ പഠിക്കണം). അപ്പോൾ പിന്നെ അവർ കൃഷിപ്പണികളിൽ ഏർപ്പെടണമെന്ന് പറയുന്നതിൽ ഒരു അർത്ഥവുമില്ലല്ലോ; എങ്കിൽ പിന്നെ അവർക്ക് താല്പര്യമുള്ള മേഖലയുടെ വികസനത്തിന് ശ്രമിക്കുന്നതല്ലെ ബുദ്ധി. വിനോദ സഞ്ചാരം, ഐ.റ്റി, സേവന മേഖല മുതലായവയാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് (യുവാക്കൾക്ക്) അനുയോജ്യമായ മേഖലകൾ. അതിനൊക്കെ ആവശ്യമായ ഭൂമി ഇപ്പോഴുള്ള തരിശ് നിലങ്ങളിൽ നിന്നും ലഭ്യമാക്കാൻ സാധിക്കില്ലെയെന്ന് വിവേകപൂർവ്വം ചിന്തിക്കണം; വികാരപരമായ സമീപനം നമ്മളെ എങ്ങുമെത്തിക്കില്ലായെന്ന് മനസിലാക്കണം. തകർന്ന തറവാട്ടിലെ കാരണവരെപ്പോലെ പഴേ വീരസ്യങ്ങളും പറഞ്ഞിരുന്നാൽ നാട് നശിക്കും, കൂട്ടത്തിൽ പുതുതലമുറയും.

രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഒരു രൂപ, രണ്ടുരൂപാക്ക് അരി നല്കുന്ന സമൂഹത്തിൽ നെല്ലിന്റെ ഉല്പാദന പ്രശ്നങ്ങളെക്കുറിച്ചും അതിന്റെ വിലയെക്കുറിച്ചും ഒരു ബോധവുമുണ്ടാകില്ല. അങ്ങനെ നല്കുന്ന അരി എവിടെ പോകുന്നുയെന്ന് രാഷ്ട്രീയക്കാർ അന്വേഷിക്കുന്നുമില്ല; അത് മറിച്ച് വില്ക്കുന്നുണ്ട്, കന്നുകാലിതീറ്റയായി പോകുന്നുണ്ട്, നിറം മാറ്റി കൂടിയ അരിയായി മില്ലുകളിൽക്കൂടി കമ്പോളത്തിൽ വരുന്നുമുണ്ട്. അധിക സബ്സിഡിയുള്ള ഭക്ഷ്യവസ്തുക്കൾ ശരിക്കും അർഹതപ്പെട്ട ആളുകൾക്ക് മാത്രമെ നല്കാവൂ. അങ്ങനെ അല്ലാതെയുള്ള തീരുമാനങ്ങൾ കൊണ്ടുള്ളതാണ് നമ്മളിന്ന് അനുഭവിക്കുന്ന പല പ്രശ്നങ്ങളും (ഇന്ധനവില, പാചക വാതകവില, വൈദ്യുതിചാർജ് മുതലായവ). വോട്ടിൽ കണ്ണുവച്ചുള്ള തീരുമാനങ്ങളുടെ കാലം കഴിഞ്ഞെന്ന് രാഷ്ട്രീയ പാർട്ടികൾ മനസിലാക്കണം.

*Email : rajanvairavan@gmail.com*

**Paper Cutting**

# Call for united efforts to complete power projects

Staff Reporter

**KOLLAM**: A seminar on 'Power future of Kerala', organised by the Kerala State Electricity Board Engineers Association here on Wednesday, called for united efforts from all concerned to complete major power projects in the State in order to prevent a decline of industrial and commercial growth in the State.

In a statement, the association alleged there were indications of strong national and international lobbies working against the implementation of new power projects in the State.

The association said those behind the new ultra mega power plants in the private sector and power traders in the country were lobbying against cheap sources of power. While such lobbies were to a good extent defeated through a united effort in most other States, in Kerala their machinations had been successful owing to lack of unity.

Delivering the keynote address at the seminar, K. Radhakrishnan, former Member (Generation) of KSEB, said decisions on new power projects in the State were being hijacked by vested interests.

He said he had reason to believe that such organisations were being funded and this funding warranted a probe. Many hydel projects totalling approximately 2,000 MW that had been finalised after detailed investigations and feasibility studies had to be shelved in the State. The situation now was that no major hydel project in the State was poised to take off. This had resulted in the State losing over Rs.1,500 crore annually. "The irony was that even various departments of the State government were unable to speak in a single voice for the power projects".

# Engineers shall work for cost effective technology - Kollam Collector

**Er.** P G Thomas, District Collector, Kollam inaugurated the Engineers day celebration of Kollam Unit at Engineers House,Kollam on 17-9-2012 Engineers from many organizations and departments have participated in the function. In his inaugural Speech, Collector pointed out that Hydro Electric projects are having the minimum CFP, minimum cost and hence has to be encouraged in the environmental point of view.

Er.S Rajendran the unit Chairman, in his presidential address recalled the unmatched position acquired by Sir M. Viswesarayya in the history of building up of modern India. Engineers day is celebrated in India to commemorate the unique life of this great engineer.

Er K Radhakrishnan, former member (Generation) of KSEB, in his key note address said that the main reason behind his success was the un-questioned authority given to him in implementing the projects. The authority came to him because of his non compromising integrity. Now day's engineers have lost such an authority and it has caused serious damages in our developmental culture. Even pivotal projects of Kerala like new roads, power projects etc torpedoed by ill-intentioned groups and opinion of the learned engineers go un-noticed. Engineers shall regain control over the growth of the country and integrity shall give them the moral strength for it.

Er G Manoj, Executive Engineer, Punalur called for a work culture among the engineers to cater the present day demands on them. Er S K Yesodharan former general secretary of the Association called upon the engineers to demonstrate their unity to deal with the present day challenges in the developmental field from politicians, organizations, administrators etc. Er K Jaymohan, Deputy Electrical Inspector gave a brief life sketch of Sir M Viswesarayya . Er Edwin Callistus, former Organising Secretary welcomed the gathering and Er T Syed Ali proposed the vote of thanks.

# KERALA STATE ELECTRICITY BOARD

**Vydyuthi Bhavanam,Pattom ,Thiruvananthapuram**

KSEB/TRAC/Tariff Revision/2012-13/606 Date 06-09-2012

**CIRCULAR**

Sub: Revision of tariff for all categories of consumers including Bulk supply to other Licensees with effect from 01.07.2012 -orders issued by the Kerala State Electricity Regulatory Commission (KSERC) -directions for implementing the order- reg.

Ref: 1. KSERC order dated 25.07.2012 on petition No. 23 of 2012.

2. BO (FM) No.1544/2012(KSEB/TRAC/Tariff Rev/2012-13) dtd 16-08-2012

3. G.O (Ms) No. 18/2012/PD dated 06-08-2012

4. Letter No.19/SEA/2012/ KSERC/707 dated 09-08-2012 of KSERC.

5. Circular No. KSEB/TRAC/ Tariff Revision/ 2012-13/571 dtd16-08-2012

1. This circular is in continuation of Board's circular dated 16-08-2012 cited (5) above on implementation of the revised tariff w.e.f 01-07-2012.

2. This circular covers the billing procedures to be adopted for implementing the revised tariff for bi-monthly billed consumers w.e.f 30-08-2012.

3. Kerala State Electricity Regulatory Commission (KSERC) has revised the tariff applicable to all categories of consumers w.e.f 01-07-2012. Board vide the order cited under reference-2 has decided to implement the order of the KSERC to revise the retail tariff applicable to consumers in the State including that of Licensees with effect from 01.07.2012. The State Government vide the order cited under reference-3 has ordered to exempt domestic consumers having monthly consumption up to 120 units and agriculture categories from the payment of enhanced electricity charges and ordered to provide Rs 25.00 crore every month as subsidy in advance to meet the revenue shortfall on account of the above.Accordingly and also as decided by the KSERC vide letter 4th cited above, KSEB has decided to exempt domestic consumers having monthly consumption up to 120 units and agriculture consumers from the payment of enhanced electricity charges.

4. Electricity duty shall be levied on energy charges payable as per the invoices at the rates specified in the Kerala Electricity Duty, Act, 1963.Meter rent, fuel surcharge ordered by the KSERC from time to time, and any other charges and levies as approved by the KSERC from time to time shall be levied in addition to the revised electricity charges.

5. All the charges levied on consumers including fixed charges, energy charges, electricity duty, meter rent, fuel surcharges and any other charges shall be indicated in the invoices. Further, in the invoices for the domestic consumers with bi-monthly consumption up to 240 units and agricultural consumers, the total electricity charges payable at the tariff rates approved by the KSERC, subsidy provided by the Government and the net amount payable shall invariably be indicated in the invoices.
6. The billing procedure to be followed for raising the invoices with effect from 30.08.2012 is appended as **Annexure-1** to this circular for information and strict compliance.

Sd/-

Secretary

ANNEXURE-1

**General Instructions and Billing Procedures**

**(A) General Instructions**

1. The revised rate is applicable to all consumers in the State including that of Licensees with effect from 01.07.2012.
2. Domestic consumers having bi-monthly consumption up to 240 units are exempted from paying the enhancement in electricity charges due to the revision. Further, single phase domestic consumers with bi-monthly consumption up to 240 units are exempted from paying the fixed charges.
3. Agriculture consumers are also exempted from paying revised tariff.
4. For subsidized consumers the details of subsidy allowed by the Government shall be shown invariably in the invoices.
5. The meter rent, fuel surcharge, any other levies etc. shall be collected at the rates approved by KSERC and as per the orders and directions issued by KSERC from time to time.
6. Electricity Duty under KED Act, 1963 shall be levied from all categories of consumers as per the schedule given in the Electricity Duty Act,1963.

**(B) Billing Procedure for Bi-monthly consumers 'LT-1 (a) Domestic, LT-1 (b), LT- V, LT-VI(A), LT-VI (B), LT-VI(C), LTVI(D), LT-VII (A), LT-VII(B) and LT-VII (C) categories for the period from 30-08-2012**

**(I) Domestic consumers (LT I(a))**

The pre- revised and revised tariff applicable to domestic category w.e.f.01.07.2012 is detailed below;

⇨

**Fixed charge** for single phase - Rs 40/- (bi- monthly)
for three phase - Rs 120/- (bi-monthly)

**Energy Charge**

| Bi-monthly Consumption slabs | Energy Charges(paise per unit) | |
|---|---|---|
| | slabs Pre-revised Charges | Revised charges (w.e.f.01.07.2012) |
| **Up to 80 units** | 115 | 150 |
| **81-160 units** | 150 | 240 |
| **161-240 units** | 240 | 290 |
| **241-300 units** | 300 | 360 |
| **301-400 units** | 365 | 480 |
| **401-600 units** | 430 | 600 |
| **601-1000 units** | 530 | 750 |
| **Above 1000 units** | 545 | *650 (all units) |

* for entire units

✵

ഫലിതം

# ഒറ്റമൂലികൾ

*ഇ.എം.നസീർ,ചിറയിൻകീഴ്*
*റിട്ടയേർഡ്എക്സിക്യൂട്ടീവ്എഞ്ചിനീയർ*

**വ**യറുകടിയുള്ളവർ നഖം വെട്ടിവിഴുങ്ങി യാൽ അത് വയറ്റിനകത്തുചെന്ന് ചൊറിഞ്ഞ് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമെന്ന് പണ്ടുള്ള വർ ഫലിതമായി പറയുമായിരുന്നു. അതുപോലെ കളിയും കാര്യവുമായ ചില പൊടിക്കൈകൾ ഇതാ.

ഉത്സവക്കാലമായാൽ എവിടെയും പിരിവു കാരുടെ ശല്യമായിരിക്കും. വീടിനു പുറത്തിറങ്ങു ന്നവരെ പരിചയക്കാരായ ഉത്സവക്കമ്മിറ്റിക്കാർ തടഞ്ഞു നിറുത്തി പണപ്പിരിവുനടത്തുന്നത് നിത്യസംഭവമാണ്. കാറുള്ളവർക്ക് ഗ്ലാസിട്ട് ഓടിച്ചു രക്ഷപെടാനാകും. മറ്റുള്ളവർക്കും രക്ഷപ്പെടണമല്ലോ. ഭാര്യയെ നിറമുള്ള വസ്ത്ര ങ്ങളണിയിച്ച് ഇരു ചക്ര വാഹനത്തിന്റെ പുറകി ലിരുത്തി യാത്ര ചെയ്തു നോക്കുക, വാഹനമോടി ക്കുന്നയാളിനെ ആരും ശ്രദ്ധിക്കില്ല. വളരെ ദൂരെ നിന്നുതന്നെ പിറകിലിരി ക്കുന്ന വർണ്ണവസ്ത്ര ധാരിണിയിലാകും ഏവരുടെയും കണ്ണുകൾ, അടുത്തെത്തിയാൽ പോലും പുരുഷന്മാർ അവരുടെ കണ്ണിൽപെടില്ല. അങ്ങനെ പരിചയ ക്കാരായ പിരിവുകാരിൽനിന്ന് പുരുഷന്മാർക്ക് രക്ഷപ്പെടാനാകും.

ബസ്സിൽ യാത്രചെയ്യുമ്പോൾ ഛർദ്ദി ചിലരുടെ സ്ഥിരം ഏർപ്പാടാണ്. അങ്ങനെയുള്ളവർ കൈവിരലിൽ സ്ഥിരമായി മോതിരം ധരിക്കുന്നത് നല്ലതാണ്. ബസ്സിൽക്കയറിയ ഉടൻ മോതിരം ഊരി കവിളിൽ ഒതുക്കിയാൽ മോതിരം നഷ്ടപ്പെടു മെന്ന് ഭയന്ന് എത്രവലിയ ഛർദ്ദി വന്നാലും വായ് തുറക്കില്ല. അങ്ങനെ ഛർദ്ദി ഒഴിവാകും.

ആരാധനാലയങ്ങളിൽ കയറുംമുമ്പ് ഭക്തജനങ്ങൾ പുറത്തിടുന്ന പാദരക്ഷകൾ മോഷ്ടി ക്കുന്നവരുണ്ട്. ഇതിനുമുണ്ട് പോംവഴി, പാദ രക്ഷകൾ രണ്ടും ഒരിടത്ത് ഇടാതെ അകലത്തി ലുള്ള രണ്ടിടത്തായി ഇടുക, എത്ര വിലകൂടിയ പാദരക്ഷയായാലും അതിന്റെ ജോടി എവിടെ യെന്ന് കണ്ടെത്താനാകാതെ മോഷ്ടാവിന് വലയേ ണ്ടിവരും. അതുകൊണ്ടുതന്നെ ആരും അടിച്ചു മാറ്റുന്ന പ്രശ്നമേയില്ല. ✵

# KERALA STATE ELECTRICITY BOARD

**ABSTRACT**

Dearness Allowance/Dearness Relief to Board employees/Pensioners:- Revision with effect from 01.01.2012- Sanctioned-Orders issued.

**CORPORATE OFFICE(PERSONNEL DEPARTMENT)**

B.O.(FB)No.1741/2012 (PS1/2398/2009) Dated Thiruvananthapuram 24-9-2012

Read: - 1. G.O.(P).No.323/2012/Fin dated TVPM 04.06.2012.

2. Note No.PSI/2398/2009 dated 27.06.2012 of the Secretary,KSE Board.

3. Proceedings of the Board Meeting dated 28.06.2012 (Agenda Item No. OA-5-6/2012).

4. B.O.(MF) No.1099(PS-1/Pension Revision/2011 Thiruvananthapuram, dated 31.05.2012

**O R D E R**

The Government have revised the rates of Dearness Allowance to its employees and Dearness Relief to the Pensioners with effect from 01-01-2012 vide the Government Order read above. Having considered the matter in the meeting of the Full Board on 28.06.2012, Board had decided to adopt the above orders sanctioning Dearness Allowance to the Employees and Dearness relief to the Pensioners/ Family Pensioners with effect from 01-01-2012 at the enhanced rates subject to the implementation of the Revision of Pension in KSE Board.

The Board sanctioned revision of pension vide Board Order read 4th above and Government vide order dated 16.7.2012 has approved the proposal. Audit circular in this regard was issued by the Chief Internal Auditor on 19.07.2012. Following the implementation of revision of pension as above, the Board is pleased to order the enhancement of DA/DR adopting the Government Order read above 'mutatis mutandis'. The rates of DA/DR shall be as follows.

**1.DEARNESS ALLOWANCE TO EMPLOYEES**

1. The Government have revised the rate of Dearness Allowance to its employees with a hike of 7% with effect from 01.01.2012. As per clause (1), Article V of the Long Term Settlement, 2011 [B.O. (FB) No. 641/2011 (PSI/6047/2008} dated Thiruvananthapuram 28.02.2011} and clause (1) under Article II of the Officers Pay Revision 2011 {B.O. (FM) No.2966/2011 (PSI/1757/2009) dated,

Thiruvananthapuram 24.12.2011} the rate of Dearness Allowance in KSE Board will be determined by multiplying the factor of 1.1310 with the rate of Dearness Allowance announced by the State Government with effect from 01.01.2010 onwards. The revised rate of dearness Allowance payable to the employees of the Board with effect from 01.01.2012 will be as follows:-

| **Date from which payable** | **Percentage increase of DA Per month** | **Revised DA** |
|---|---|---|
| 01.01.2012 | 7.917% | 55.978% |

2. In respect of workmen and officers continuing in the pre-revised scale as per b.O.(FB) No.628/2007 (PSI/101/2006) Dated 19.03.2007 and B.O. (FM) No. 2075/2007 (PSI/OPR/2007) dated 12.09.2007 respectively Dearness allowance will be sanctioned as given below:-

| **Date from which payable** | **Percentage increase of DAPer month** | **Revised DA** |
|---|---|---|
| 01.01.2012 | 12% | 130% |

3. The revised rates of Dearness Allowance will be payable to the Part- time contingent employees also on the basis of the pay drawn by them.

4. In the case of those who have opted to remain in the pre-revised scale of 1998 Pay Revision (1993 pay scales) even after 01.01.2011, DA will be sanctioned as given below.

| **Date of effect** | **Pay Range** | **Rate of DA per month** |
|---|---|---|
| 01.01.2012 | Basic pay up to ₹ 3500/- PM | 617% of pay |
| | Basic pay above ₹ 3500/- up to ₹ 6000/-pm | 520% of pay subject to minimum of 20580/- |
| | Basic pay above ₹ 6000/-pm | 481%of pay subject to minimum of ₹ 29460/- |

5. For those who are continuing in the 1998 pay scales even after 1.01.2012. DA will be sanctioned as follows:-

| Date of effect | Percentage increase of DA | Revised DA |
|---|---|---|
| 01.01.2012 | 12% | 189 % |

6. The accounting and drawal of arrears of DA will be regulated as follows:-

a) The revised rates of DA due from 01.01.2012 will be paid in cash with the salary due for the month of September 2012 onwards.

.

b) The arrear for the period from 01.01.2012to 31.08.2012 will be drawn and credited to the PF account of the employees along with the salary bill for the month of September 2012 to December 2012

c) The permission to draw arrears along with the salary bill is given in relaxation of Rule 176 of Kerala Treasury Code.

d) The procedure as stated in para 6(a) and (b) will also be applicable to the employees continuing in the pay in the pre-revised scale.

e) Where the employee is not eligible to subscribe to any PF account before 31.08.2012, the drawl of arrears of DA shall be deferred and as and when the PF account is opened, it shall be drawn and deposited in it.

f) For claiming the salary for the month of January 2013, a certificate shall be attached to the salary bill to the effect that ' the arrears as per DA revision from 01.01.2012 to 31.08.2012 have been claimed and credited to the PF Account of the employee'.

g) The procedure as stated in 6(f) will also be applicable to the employees continuing in the pre revised scale of pay.

h) Interest on the DA credited to the PF Account of the employee will accrue from the 1st of the month in which the bills are presented to the appropriate authorities.

i) No withdrawal, other than final withdrawal, shall be made before the date specified below, from the arrears of DA credited to the PF account

| Period of arrears of Dearness Allowance | Date on which the amount will be permitted to be withdrawn |
|---|---|
| 01.01.2012 to 31.08.2012 | 30.04.2016 or retirement, whichever is earlier |

j) The condition mentioned under clause 6(i) above will be applicable 'mutatis mutandis' to Provident Fund other than GPF also.

k) The following categories of employees will be paid arrears of DA in cash.
   i. Those, in whose cases, it is not obligatory to maintain PF Account
   ii. Those who have opted not to subscribe to the PF account during the last one year of their service prior to retirement

B. DEARNESS RELIEF TO SERVICE PENSIONERS AND FAMILY PENSIONERS

1. The Dearness Relief to service pensioners/family pensioners with effect from 01.01.2012 will be revised as follows:-

| Date of effect | Percentage increase of Dearness relief | Revised Dearness Relief |
|---|---|---|
| 01.01.2012 | 7.917% of Pension/ Family pension | 55.978% of pension / family pension |

2. In respect of the pensioners/Family Pensioners whose pension has not undergone revision as per Board Order dated 31.05.2012 and are drawing pension/ family pension as per pension revision order dated 11.11.2008, Dearness Relief will be as follows.

| Date of effect | Percentage increase of Dearness relief | Revised Dearness Relief |
|---|---|---|
| 01.01.2012 | 12% of pension/ family pension | 30% of pre-revised pension/ /family pension |

3. In respect of Pensioners/ family Pensioners whose pension has not undergone revision as per Board Order dated 11.11.2008 and are drawing pension/ family pension as per pension revision order dated 23.02.2001, Dearness Relief will be sanctioned as follows:-

| Date of effect | Percentage increase of Dearness relief | Revised Dearness Relief |
|---|---|---|
| 01.01.2012 | 12% of pension/ family pension | 189% of pre-revised pension/family pension |

4. The revised Dearness relief due on 01.01.2012 along with the arrears will be paid in cash along with the pension of October 2012.
5. Payment of Dearness Relief involving fraction of a Rupee shall be rounded off to the next higher rupee.

By Order of the Board
Sd/-
**S. Roopakala Jagath**
Secretary

# KSEB Plans to revive Pathrakadavu project

The spectacular waterfall ensconced by Neelikkal and Pathrakkadavu Hills bordering the Silent Valley region is feared to be doomed once the proposed hydro-electric Pathrakkadavu project materialises.

The Kerala State Electricity Board (KSEB) has revived the idea of setting up a 70-MW hydroelectric project at Pathrakadavu, close to the Silent Valley National Park, five years after it was abandoned in 2007 following strong opposition from environmentalists.

The KSEB tells the government that the project should be considered as a compensation for the Silent Valley project that was shelved in the early 1980s. It is more of a run-of-the-river power project involving the inundation of only 4.10 hectares.

Totally, the project will require just over 26 hectares of forestland and the entire area is outside the park boundary. In all respects, this is a unique project with very little requirement of forestland for the generation of such a substantial quantity of electricity, according to the KSEB.

Describing the context in which Kerala needs to take a relook at some of the shelved hydroelectric project proposals of the past, the KSEB informs the government that the State is headed for a power crisis. Matters have to be set in motion at least now to increase the power generation capacity in the State. Out of the total hydroelectric potential of 6,000 MW, the State has succeeded in harnessing only 2,036 MW.

The KSEB has got a detailed environmental impact study conducted by the Environmental Research Centre in Thiruvananthapuram for the project. The study has identified certain impact, but has also proposed a detailed environment management plan for both the construction phase and post-construction phase. The report strongly recommends the implementation of the project since the impact is minimum and containable and the benefits, quite substantial, the KSEB informs the government.

The KSEB points out that many of the hydroelectric projects in the country are inside national parks or sanctuaries. In Kerala, none of the hydroelectric projects is in conflict with the national and State environmental policies, the KSEB argues.

Dr.K.Nandakumar, Head, Combustion Research Centre, LPSC, Valiyamala conducting a speech on the subject "Liquid Propulsion Rocket Engine in the Engineers' Day Celebration organized at Engineers' House Trivandrum on 15-9-2012.

Er.T.S.Padmanabhan, Senior Engineer appreciating the renovated Conference Hall of Engineers House, Thiruvananthapuram

September 2012 Registration No. KL/TV(N)/229/2009 -11 Price ₹ 5

# KERALA STATE ELECTRICITY BOARD ENGINEERS' ASSOCIATION

ENGINEERS HOUSE, T.C. 26/1300, PANAVILA, TRIVANDRUM - 695 001
PHONE : 0471 - 2330696, FAX : 0471 - 2330853

Er. P.G. Thomas, District Collector, Kollam inaugurates the Engineers Day celebration organized by Kollam Unit at Engineers House, Kollam on 17-9-2012

Inauguration of the Engineers' Day on 21st Sept. 2012 by Dr. P. Govindan ( Prof., Govt. College of Engg, Kannur) in the presence of Er. Balakrishnan ( CE-Rtd. & Former Chairman of KSERC), Er. K.E.Dhamodharan Nayanar(CE-Rtd.), Er. V.V. Sunil Kumar (Chairman, Kannur Unit), Er. Bijumohan K.M.( Jt. Secretary, Ben./Fund, KSEBEA), Er. Abdul Nazar A.C. (Secretary, Kannur Unit)

Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private circulation only